**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3065** **18.06.2019 ൽ മറുപടിയ്ക്ക്**

**പാട്ടഭൂമിക്ക് കരം അടയ്ക്കുവാൻ അനുമതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.എ.പി.അനിൽ കുമാർ** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| (എ) | ഹാരിസൺ അടക്കമുള്ള വൻകിട കുത്തക കമ്പനികൾ അനധികൃതമായി കൈവശം വച്ചിട്ടുള്ള പാട്ടഭൂമിക്ക് കരം അടയ്ക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഈ തീരുമാനം എത്ര കമ്പനികൾക്ക് ഗുണകരമാകും എന്ന് വ്യക്തമാക്കുമോ ; | (എ) ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽനിന്നു ഭൂമി നേടിയവരും കൈവശം വച്ചിരുന്ന ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനായി നിയമിതനായ സ്പെഷ്യൽ ഓഫീസർ KLC ആക്ട് പ്രകാരം 38171 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി നടപടിക്കെതിരെ കമ്പനികൾ ഫയൽ ചെയ്ത WP(C)33122/2014 ഉം മറ്റു കേസുകളിലെയും ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിന്യായത്തിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സ്പെഷ്യൽ ഓഫീസർക്ക് അധികാരം ഇല്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദു ചെയ്യുകയുണ്ടായി. സർക്കാരിന് ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കോടതിയെ സമീപിക്കാമെന്നും നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ ഭൂനികുതി സ്വീകരിക്കുന്നത് ഉടമസ്ഥത സ്ഥാപിക്കൽ അല്ല എന്ന് അനേകം കേസുകളിൽ ബഹു.ഹൈക്കോടതി നിരീക്ഷിച്ച സാഹചര്യത്തിൽ സർക്കാർ 06.06.2019 സ.ഉ(കൈ) 172/2019/റവ. നമ്പർ ഉത്തരവു പ്രകാരം സ്പെഷ്യൽ ഓഫീസറുടെ അന്വേഷണ പരിധിയിലും നടപടികളിലും വന്ന എല്ലാ തോട്ട ഭൂമിക്കും ഉടമസ്ഥത സിവിൽ കേസുകളിലെ അന്തിമ വിധിന്യായത്തിന് വിധേയമെന്ന നിബന്ധനയോടെ ഭൂനികുതി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സർക്കാർ നിയോഗിച്ച നിരവധി അന്വേഷണ കമ്മിഷനുകൾ ഹാരിസണെതിരെ റിപ്പോർട്ട് സമർപ്പിച്ചിട്ടും കരം അടയ്ക്കുവാൻ അനുമതി നൽകിയതിലൂടെ 38000 ഏക്കർ പാട്ടഭൂമിക്ക് സാധുത നൽകുകയാണോ സർക്കാർ | (ബി) ബഹു.ഹൈക്കോടതി വിവിധ കേസ്സുകളിൽ ഭൂനികുതി ഒടുക്കുവരുത്തുന്നതും സ്വീകരിക്കുന്നതും ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കൽ അല്ല എന്നും, സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിനും, സിവിൽ കേസ് നടപടികൾക്കും ഭൂനികുതി സ്വീകരിക്കുന്നത് തടസമല്ലാ എന്നും നിരീക്ഷിച്ചിട്ടുള്ള സാഹചര്യത്തിലാണ് സ്പെഷ്യൽ |

| | | |
|---|---|---|
| | ചെയ്തത് എന്ന് വ്യക്തമാക്കുമോ; | ഓഫീസർ ഭൂനികുതി സ്വീകരിക്കുന്നത് വിലക്കിയിരുന്ന സംസ്ഥാനത്തെ തോട്ട ഭൂമിയുടെ നികുതി, 'ഉടമസ്ഥത സിവിൽ കേസിലെ അന്തിമ വിധിക്ക് വിധേയം' എന്ന നിബന്ധനയോടെ സ്വീകരിക്കുന്നതിന് സർക്കാർ 06.06.2019-ൽ അനുമതി നൽകിയിട്ടുള്ളത്. |
| (സി) | കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുവാൻ നിയമനിർമ്മാണം നടത്തണമെന്ന രാജമാണിക്യം കമ്മീഷന്റെ നിർദ്ദേശം അവഗണിച്ചത് എന്തുകൊണ്ടാണ്; | (സി) ഉടമസ്ഥത സംബന്ധിച്ച തർക്കം അന്തിമമായി തീർപ്പാക്കേണ്ടത് സിവിൽ കോടതി നടപടികളിലൂടെ യാണെന്നുള്ള ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിന്യായത്തിൻ പ്രകാരമാണ് തോട്ടഭൂമിയിലുള്ള സർക്കാരിന്റെ ഉടമസ്ഥത തെളിയിക്കുന്നതിന് സിവിൽ കേസ് ഫയൽ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | ഹാരിസൺ കൈവശം വച്ചിരുന്ന സർക്കാർ ഭൂമി ഏറ്റെടുത്ത നടപടി ഹൈക്കോടതി റദ്ദാക്കിയ കേസിൽ ഉടമസ്ഥാവകാശം സ്ഥാപിക്കുവാനായി കേസ് സിവിൽ കോടതിയിൽ തുടരുവാൻ കോടതി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ അതുപ്രകാരം സിവിൽ കോടതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;ഇല്ലെങ്കിൽ എന്തുകൊണ്ട്എന്ന് വ്യക്തമാക്കുമോ? | (ഡി) 38,171 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ ബഹു.ഹൈക്കോടതി 11-4-18-ൽ റദ്ദ് ചെയ്തിരുന്നു. ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കോടതിയെ സമീപിക്കാനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകൾ ബഹു.സുപ്രീംകോടതി 17-9-18-ൽ തള്ളുകയുണ്ടായി. 11.4.2018 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും, ആയതിന് ശേഷം പുറപ്പെടുവിച്ച വിവിധ കേസ്സുകളിലെ വിധിന്യായങ്ങളുടെയും പശ്ചാത്തലത്തിൽ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസുകൾ ഫയൽ ചെയ്യുവാൻ ജില്ലാകളക്ടർമാർക്കു നിർദ്ദേശം നൽകികൊണ്ട് 6.6.2019 ൽ സ.ഉ(കൈ) 172/19/റവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവനുസരിച്ച് സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ് സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ